മധ്യേയുള്ളവർ മരണപ്പെട്ടാൽ 5000 രൂപയും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. അപകടങ്ങൾ വഴിയുണ്ടാകുന്ന അംഗഭംഗങ്ങൾക്ക് അതിന്റെ തോതനുസരിച്ചാണ് നഷ്ടപരിഹാരം നൽകുന്നത്. പ്രകൃതിക്ഷോഭത്തിൽ കുടിൽനഷ്ടപ്പെടുന്നവർക്ക് 3000 രൂപ വരെ നൽകാവുന്നതാണ്. വനത്തിന്റെ സമീപപ്രദേശങ്ങളിലുൾപ്പെടെ വന്യമൃഗങ്ങളിൽ നിന്നുമുണ്ടാകുന്ന ആക്രമണം വഴിയുള്ള നഷ്ടവും ഈ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഫോറസ്റ്റ് ഗാർഡ്, റെയിഞ്ചാഫീസർ തുടങ്ങിയവർ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ടാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) വയനാട്ടിൽ അച്ചപ്പൻ എന്നയാളുടെ മരണംമൂലമുള്ള അപേക്ഷയിൽ തുക നൽകാനുണ്ട്.

(ഡി) ആകെ ഒരപേക്ഷ മാത്രമാണ് നിലവിലുള്ളത്. ഇതിൽ 25000 രൂപ മാത്രമാണ് കൊടുക്കാനുള്ളത്.

ആദിവാസികൾക്ക് നൽകിയ ഭൂമിയിൽനിന്ന് മരങ്ങൾ മുറിച്ചുകടത്തൽ

134 (1934) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ചാവശ്ശേരി പറമ്പിൽ ആദിവാസികൾക്ക് വിതരണം നൽകിയ ഭൂമിയിൽനിന്നും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മരങ്ങൾ മുറിച്ചു കടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിൽ വനംവകുപ്പുദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നടപടിക്ക് കൂട്ടുനിന്ന വനം വകുപ്പുദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതോടൊപ്പം ക്രമിനൽ നടപടിയും സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഇ) ആദിവാസികൾക്ക് നൽകിയ ഭൂമി കയ്യേറുന്നതു തടയാൻ ഉചിതമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ചാവശ്ശേരി പറമ്പിൽ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചു കടത്തിയത് വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെയല്ല.

(ബി) പ്രസ്തുത സംഭവത്തിൽ സ്ഥലം പരിശോധിച്ച് അനധികൃതമായി മുറിച്ച തടികൾ പിടിച്ചെടുക്കുവാനും മരംമുറി തടയുവാനും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെ സഹായിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാതി അനുസരിച്ച് മരംമുറി തടയുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലത്ത് പട്രോളിംഗ് ശക്തമാക്കിയിരുന്നു. റവന്യൂ വകുപ്പ് പിടിച്ചെടുത്ത തടികളുടെ വാല്യൂവേഷൻ തയ്യാറാക്കി കൊടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത നടപടിക്ക് വനം വകുപ്പ് ഉദ്യോഗസ്ഥർ കൂട്ടുനിന്നതായി അറിയില്ല.

(ഇ) ആദിവാസികൾക്ക് നൽകിയ ഭൂമി കയ്യേറുന്നത് തടയാൻ നടപടി സ്വീകരിക്കുന്നുണ്ട്.

വനങ്ങളിലെ മൈനർ പ്രൊഡ്യൂസസ് ശേഖരിക്കുവാനുള്ള അവകാശം

135 (1935) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനങ്ങളിലെ മൈനർ പ്രൊഡ്യൂസസ് എന്തെല്ലാമാണ് ;

(ബി) ഇവ ശേഖരിക്കുവാനുള്ള അവകാശം പട്ടിക വർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അവർ മൈനർ പ്രൊഡ്യൂസസ് ശേഖരിക്കുന്നതിനെ വനപാലകർ തടയാറുണ്ടോ ;

(ഡി) വനങ്ങളിലെ മൈനർ പ്രൊഡ്യൂസസ് ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കാറുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സർക്കാരിൽ നിന്നും ശേഖരണാനുമതി നൽകിയിട്ടുള്ള എം. എഫ്. പി. ഇനങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) നിയമപരമായി എം. എഫ്. പി. ശേഖരിക്കുന്നത് തടയാറില്ല.

(ഡി) മൈനർ ഫോറസ്റ്റ് പ്രൊഡ്യൂസസ് (എം. എഫ്. പി) ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കാറില്ല.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly